മിസ്റ്റർ ബി. വി. കെ. മേനോൻ :

(എ) ഫൻ ർന്ന മേയ് വ ർ-ാംന-/ ഫ ാവ ഫ എടവം ഫ ാ-ാംന-യിൽ ഇഴ ഹെഡ്കാൺസ്റ്റബിം ഒരു തൊഴിലാളിയെ ഭയപ്പെടുത്തി എന്ന ഒരു ആക്ഷേപം കിട്ടിയിട്ടുണ്ട്.

(ബി) ആക്ഷേപത്തെപ്പറ്റി അന്വേഷിച്ചു. പക്ഷെ അതു അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞു.

Mr. Shabdai S. Koder *(Nominated)*: May I know how he was threatened.

Mr. B. V. K. Menon *(Secretary to Government)*: Government have no information.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അന്വേഷണത്തിൽ അടിസ്ഥാനരഹിതമല്ലാത്തതായിട്ട് വല്ലതുമുണ്ടായിട്ടുണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: വളരെ ഉണ്ടായിട്ടുണ്ട്.

മിസ്റ്റർ കെ. ടി. അച്യുതൻ: എത്രശതമാനമുണ്ടെന്നു പറയാമോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അങ്ങിനെ തീച്ചപറയുവാൻ സാധിക്കുകയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഏതെങ്കിലും ആക്ഷേപങ്ങളെപ്പറ്റി അന്വേഷണം നടത്തുവാൻ ഭരമേല്പിക്കുന്ന ഗവമ്മേണ്ട് ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടുകളിൽ ഒന്നെങ്കിലും ആക്ഷേപം ശരിയാണെന്നു അഭിപ്രായപ്പെട്ടിട്ടുള്ളതായി കാണുവാൻ സാധിക്കുമോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: സാധിക്കും.

EDUCATION CODE REVISION COMMITTEE REPORT

75. ചൌധരി ജി. എസ്സ്. ധാരാസിംഗ്: ബഹുമാനപ്പെട്ട ഗവമ്മേണ്ട് താഴെ പറയുന്ന ചോദ്യങ്ങൾക്ക് ദയവായി മറുപടി പറയുമോ.—

(എ) എഡ്യുക്കേഷൻ കോഡ് റിവിഷൻ കമ്മിറ്റി റിപ്പോർട്ട് അതേപടിതന്നെ ഗവമ്മേണ്ട് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഗവമ്മേണ്ട് തിരസ്കരിച്ചുകളഞ്ഞ പ്രധാന ശുപാർശകളും പുതുതായി ചേർത്ത പ്രധാന കാര്യങ്ങളും ഏവ?

റാവു സാഹിബ് സി. ജെ. മാത്യു :

(എ) ഇല്ല, കമ്മിറ്റി ചെയ്തിട്ടുള്ള എല്ലാ ശുപാർശകളും സ്വീകരിച്ചിട്ടില്ല.

(ബി) കോഡ്റിവിഷൻ കമ്മിറ്റിയുടെ റിപ്പോർട്ടും കമ്മിറ്റിയുടെ ശുപാർശകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയ ഡ്രാഫ്ട് കോഡും കൊച്ചി ഗവമ്മേണ്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട് കമ്മിറ്റിയുടെ ശുപാർശകളിന്മേൽ ഗവമ്മേണ്ടു നാളിതുവരെ പാസ്സാക്കിയിട്ടുള്ള ഉത്തരവുകളും കൊച്ചി ഗവമ്മേണ്ടു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. യഥാക്രമം ഫൻ ർന്ന മാച്ച് ന ാ-ാംന-യിലത്തേയും ഫൻ ർന്ന ജൂലായി ഫന-ാംന-യിലത്തേയും കൊച്ചി ഗവമ്മേണ്ട് ഗസറ്റുകൾ നോക്കുക. ബാക്കിയുള്ള കുറച്ചു സംഗതികളെപ്പറ്റി താമസിയാതെ ഉത്തരവു പാസ്സാക്കപ്പെടുന്നതായിരിക്കും.

കമ്മിറ്റിയുടെ റിപ്പോർട്ടിന്മേലും ഗവമ്മേണ്ടു പാസ്സാക്കിയിട്ടുള്ള ഉത്തരവുകളുടേയും പകർപ്പുകൾ മേശപ്പുറത്തു വെച്ചിരിക്കുന്നു.

ARTICLE IN THE "MALABAR MAIL" DATED 6TH MITHUNAM 1121

76. Mr. P. K. Dewer *(Nominatd)*: Will Government be pleased to state.—

(*a*) if their attention has been drawn to the article "കടത്തുകടവിലെ ബുദ്ധിമുട്ടുകൾ" published in the "Malabar Mail," dated 6th Mithunam 1121;

(*b*) if they have taken any action to reduce the grievances of the travelling public?

Rao Sahib A. Madhava Prabhu *(Diwan Peishkar)*:

(*a*) Yes.

(*b*) Yes. The contractor has been punished.

LIBRARY ARCHIVES Kerala Legislative Assembly